**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3632** **05-08-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യമായി വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത് ആർക്കൊക്കെ എന്നും എത്ര യൂണിറ്റ് വീതം എന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. (1) 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതും, പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റ് വരെയുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾ. (2) സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് (കൃഷിഭവൻ മുഖേന)വൈദ്യുതി ബിൽ തുക ലഭ്യമാക്കി വൈദ്യുതി തികച്ചും സൗജന്യമായി നൽകുന്നു. (3) ജീവൻ രക്ഷാ ഉപകരണങ്ങളുടെ (life supporting system) ഉപയോഗത്തിന് വൈദ്യുതി തികച്ചും സൗജന്യമായി നൽകി വരുന്നു. |
| (ബി) | കായംകുളം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) | കായംകുളം നിയോജക മണ്ഡലത്തിൽ നിലവിൽ 15 കുടുംബങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം (വൈദ്യുതി സൗജന്യം) ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ